# വലിയ പെരുന്നാളിനെ ബലി പെരുന്നാളാക്കുക

عَنْ عَائشة رَضِيَ اللَّهُ عنها قَالَتْ : قَال رَسُولُ اللَّهِ ﷺ مَا عَمِلَ آدمِي مِنْ عَمِلِ يَوْمَ النَّحْرِ أَحَبَّ إِلَى الله مِنْ إِهْرَاقِ الدَّمِ إِنَّهَا لَتَأْتِي يَوْمَ القِيَامَةِ بِقُرُونِهَا وَأَشْعَارِهَا وَأَظْلاَفِهَا وإنَّ الدَّمَ لَيَقَعُ مِنَ الله بِمَكَانٍ قَبْلَ أَنْ يَقَعَ عَلَى الأَرْضِ فَطِيبُوا بِهَا نَفْسًا (ترمذى)

ആഇശ(റ)യിൽനിന്ന് നിവേദനം. റസൂൽ(സ) പറഞ്ഞു: "ബലിദിനത്തിൽ അല്ലാഹുവിന് ബലി കർമത്തേക്കാൾ ഇഷ്ടപ്പെട്ട ഒരു മനുഷ്യകർമവുമില്ല. ബലിമൃഗം ഉയിർത്തെഴുന്നേൽപു നാളിൽ അതിന്റെ കൊമ്പുകളും രോമവും നഖങ്ങളുമായി ഹാജരാകും. ബലിരക്തം ഭൂമിയിൽ പതിക്കുന്നതിന് മുമ്പ്, അല്ലാഹുവിന്റെ മഹത്തായ ഒരു സ്ഥാനത്ത് പതിക്കുന്നു. അതിനാൽ നിങ്ങളത് സന്മനസ്സോടെ ചെയ്യുക" (തിർമിദി).

ബലി പെരുന്നാളിന്റെ ആഘോഷപരവും ആത്മീയവുമായ ഉള്ളടക്കത്തിലെ പ്രധാന ഘടകമാണ് ബലി. പെരുന്നാൾ നമസ്കാരം പോലെ ബലിയും ആരാധനാ കർമമാണ്. സാധ്യമാവുന്നവരെല്ലാം ബലി കർമം നിർവഹിക്കേണ്ടതാണ്. ബലിമാംസം ഭക്ഷിക്കുകയും അത് മറ്റുള്ളവർക്ക് വിതരണം നടത്തുകയുമൊക്കെ ചെയ്യുമ്പോഴാണ് വലിയ പെരുന്നാൾ ബലിപെരുന്നാളാവുക. ബലിയുടെ ശ്രേഷ്ഠതയും അതിന് അല്ലാഹു നൽകുന്ന പ്രതിഫലവും പരിചയപ്പെടുത്തുന്നു ഈ പ്രവാചക വചനം.

ഉദുഹിയ്യത്ത് (ബലികർമം) പ്രബലമായ സുന്നത്തായിട്ടാണ് കർമശാസ്ത്ര പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. കഴിവുണ്ടായിട്ടും ഒരാൾ ബലി നിർവഹിക്കാതിരിക്കുന്നത് കറാഹത്താണെന്നും (വെറുക്കപ്പെട്ടത്) അവർ പറഞ്ഞിരിക്കുന്നു. പെരുന്നാൾ ദിവസവും തുടർന്നുള്ള മൂന്ന് ദിവസങ്ങളിലും (അയ്യാമുത്തശ്‌രീഖ്) നടത്തുന്ന ബലി മാത്രമേ ഉദുഹിയ്യത്താവുകയുള്ളൂ. ഈദ് ദിനത്തിൽ പെരുന്നാൾ നമസ്കാരത്തിനു ശേഷമേ ഉദുഹിയ്യത്ത് നിർവഹിക്കാവൂ എന്ന നിബന്ധനയുമുണ്ട്. റസൂൽ(സ) പറയുന്നു: "നമസ്കാരത്തിന് മുമ്പ് അറുക്കുന്നവൻ തനിക്ക് വേണ്ടി മാത്രമാണ് അറുക്കുന്നത്. നമസ്കാരവും ഖുത്ബയും കഴിഞ്ഞ ശേഷം അറുത്തവൻ തന്റെ ആരാധന നിർവഹിക്കുകയും മുസ്‌ലിംകളുടെ ചര്യ പ്രാപിക്കുകയും ചെയ്തിരിക്കുന്നു" (ബുഖാരി).

നബി(സ)യുടെ കാലത്ത് മിക്ക കുടുംബങ്ങളും ഒരാടിനെയെങ്കിലും ബലിയറുക്കുമായിരുന്നു. പെരുന്നാളിന് ബലിയറുക്കൽ ഒരഭിമാനമായിട്ടാണ് അവർ കണ്ടിരുന്നത്. അതിനാൽ നേരത്തെത്തന്നെ അതിന് വേണ്ടിയവർ കാലികളെ ഒരുക്കിവെക്കുമായിരുന്നു. ആ കാലത്തെ കുറിച്ച് അബൂ അയ്യൂബ്(റ) പറയുന്നു: "റസൂലി(സ)ന്റെ കാലത്ത് ഒരാൾ തനിക്കും തന്റെ കുടുംബത്തിനും വേണ്ടി ഒരാടിനെ ഉദുഹിയ്യത്ത് അറുക്കാറുണ്ടായിരുന്നു. എന്നിട്ടവരത് തിന്നുകയും മറ്റുള്ളവരെ തീറ്റുകയും ചെയ്യും. ആളുകളതിൽ അഭിമാനം കൊണ്ടുതുടങ്ങി. അങ്ങനെ നിങ്ങൾ കാണുന്ന ഈ അവസ്ഥയുണ്ടായി" (ഇബ്നുമാജ, തിർമിദി).

ബലി കേവലമൊരു അറവല്ല. അതൊരു ആത്മീയ കർമമാണ്. അതിനാൽ അതിൽ പ്രാർഥനയും അടങ്ങിയിട്ടുണ്ട്. ബലി നൽകുന്നയാൾ സാധ്യമെങ്കിൽ അതിന് സാക്ഷ്യം വഹിക്കുകയും ബലി സമയത്ത് പ്രാർഥിക്കുകയും ചെയ്യണം. റസൂൽ(സ) തന്റെ മകൾ ഫാത്വിമക്ക് വേണ്ടി ബലി നിർവഹിക്കുന്ന വേളയിൽ മകളെ ബലിസ്ഥലത്തേക്ക് വിളിച്ചുവരുത്തുകയും പ്രാർഥിക്കാനാവശ്യപ്പെടുകയും ചെയ്തത് ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നബി(സ) ഫാത്വിമ(റ)യോട് പറഞ്ഞു: "ഫാത്വിമ, നിന്റെ ബലിക്ക് സാക്ഷിയാവുക. അതിന്റെ രക്തത്തിന്റെ ആദ്യ തുള്ളി വീഴുമ്പോൾ അത് നിനക്കു വേണ്ടി, നീ ചെയ്തുപോയ എല്ലാ പാപങ്ങളിൽ നിന്നും മോചനമർഥിക്കും. നീ പ്രാർഥിക്കുക. *ഇന്ന സ്വലാത്തീ വനുസുകി വമഹ്‌യായ വമമാത്തീ ലില്ലാഹി റബ്ബിൽ ആലമീൻ. ലാ ശരീക ലഹു വബിദാലിക ഉമിർത്തു വഅന അവ്വലുൽ മുസ്‌ലിമീൻ* (എന്റെ നമസ്കാരവും ആരാധനയും ജീവിതവും മരണവും ലോക നാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു. അവന് പങ്കാളികളില്ല. അവ്വിധം അനുശാസിക്കപ്പെട്ടിരിക്കുന്നു. മുസ്‌ലിംകളിൽ ഒന്നാമനാകുന്നു ഞാൻ). ഇത് കേട്ട് ഒരു സ്വഹാബി ചോദിച്ചു: "ഇത് താങ്കൾക്കും കുടുംബത്തിനും പ്രത്യേകമായിട്ടുള്ളതാണോ, അതോ, മുസ്‌ലിംകൾക്ക് പൊതുവായിട്ടുള്ളതോ?'' റസൂൽ(സ) പറഞ്ഞു: "അല്ല. മുസ്‌ലിംകൾക്ക് പൊതുവായിട്ടുള്ളതാകുന്നു." (ബൈഹഖി, ത്വബ്റാനി).

പെരുന്നാളിന്റെ 'ആഘോഷങ്ങൾക്കായി' ആവശ്യത്തിലധികം പണം ചെലവഴിക്കുന്ന ചിലരെങ്കിലും ബലികർമം നിർവഹിക്കാത്തവരാണ്. പെരുന്നാളിൽ ബലിയുടെ പ്രാധാന്യവും ശ്രേഷ്ഠതയും അറിയാത്തതാണ് അതിന് കാരണം. ബലിയറുക്കുന്ന ചിലരാകട്ടെ അതിന് നേതൃത്വം നൽകുന്നവർക്ക് തങ്ങളുടെ ഷെയർ പണമായി നൽകി മറ്റു ആഘോഷങ്ങളിൽ വ്യാപൃതരാകുന്നവരാണ്. ബലികർമത്തിനവർ സാക്ഷ്യം വഹിക്കാറില്ല. ബലിമാംസ വിതരണത്തിൽ പങ്കെടുക്കാറുമില്ല. പ്രാർഥനയും തക്ബീറുകളും ഉരുവിടാറില്ല. ഒരു വിശ്വാസിയുടെ ബലിയും പെരുന്നാൾ ആഘോഷവുമെല്ലാം പൂർത്തിയാവുക, സാധ്യമെങ്കിൽ ഉദുഹിയ്യത്തിലും അതിന്റെ വിതരണത്തിലും അവന്റെ കൂടി സാന്നിധ്യമുണ്ടാകുമ്പോഴാണ് എന്ന പാഠമാണ് ഈ വിഷയത്തിലെ പ്രവാചക വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ■